# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 48 — 12.06.2012 - ലെ മറുപടി

## ലാന്റ് അക്വിസിഷൻ ഓഫീസുകൾ നിർത്തലാക്കിയ നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. എം. ഹംസ:
" കെ. രാധാകൃഷ്ണൻ:
" കെ. കെ. നാരായണൻ:
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ വേണ്ടി രൂപീകൃതമായ ലാന്റ് അക്വസിഷൻ ഓഫീസുകൾ നിർത്തലാക്കാൻ റെയിൽവേ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം ഓഫീസുകളാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ വേണ്ടി രൂപീകൃതമായ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ താഴെപ്പറയുന്ന 5 എൽ.എ റെയിൽവേ യൂണിറ്റുകളുടെ പ്രവർത്തനം 31.03.2012-നു ശേഷം തുടരേണ്ടതില്ലെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>1. സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവേ തിരുവനന്തപുരം.<br>2. സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവേ, കൊല്ലം.<br>3. സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവേ, പാലാ.<br>4. സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവേ, മൂവാറ്റുപുഴ.<br>5. സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവേ, ഗുരുവായൂർ.<br><br>എൽ.എ ഓഫീസുകളിൽ പൊന്നുംവില നടപടികളിൽ വേണ്ടത്ര പുരോഗതിയില്ലാത്തതും, പ്രീ-അവാർഡ്ഘട്ടത്തിൽ പൊന്നുംവില നടപടികൾ അവശേഷിച്ചിട്ടില്ലാത്തതുമാണ്, എൽ.എ ഓഫീസുകൾ നിർത്തലാക്കുന്നതിന് കാരണമായി റെയിൽവേ അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | റെയിൽവേയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി നിലനിൽക്കേ ഈ ഓഫീസുകൾ നിർത്തലാക്കിയത് പുനഃപരിശോധിക്കാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | മേൽ പരാമർശിച്ച എൽ.എ യൂണിറ്റുകളുടെ തുടർച്ചാനുമതിയ്ക്കായി റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ റെയിൽവേയുടെ തീരുമാനമൊന്നും ആയിട്ടില്ലാത്തതുമാണ്.<br><br>റെയിൽ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകൃതമായിട്ടുള്ള എൽ.എ ഓഫീസുകളുടെ തുടർച്ചാനുമതി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.06.2012-ന് റെയിൽവേ, റവന്യൂ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിട്ടുണ്ട്. |
| (സി) | റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് റെയിൽവേയ്ക്ക് വേണ്ടി പൊന്നുംവില നടപടികൾ ധ്രുതഗതിയിലാക്കുന്നതിനു വേണ്ടി 10 സ്പെഷ്യൽ ലാന്റ് അക്വിസിഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നു.<br><br>പുതുതായി എൽ.എ യൂണിറ്റുകൾ ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്ന പക്ഷം റെയിൽവേയിൽ നിന്ന് സമ്മതപത്രം ലഭ്യമാക്കി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലാണ്.<br><br>ഭൂമി ഏറ്റെടുക്കൽ നടപടി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിലേക്ക് അവലോകന യോഗങ്ങൾ കൂടെക്കൂടെ വിളിച്ചു കൂട്ടി ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്കും ലാന്റ് അക്വിസിഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ